# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *7 26.02.2018-ൽ മറുപടിക്ക്

### വിഭാഗീയ ശക്തികൾക്കെതിരായ നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. കെ.ഡി. പ്രസേനൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ആരാധനാലയങ്ങളുടെ പേരിൽ തർക്കം ഉന്നയിച്ചുകൊണ്ടും ജിഹാദി ഭീകരതയെന്ന് മുദ്രകുത്തിയും സാമുദായിക ധ്രുവീകരണം നടത്തുവാൻ സംസ്ഥാനത്തിന് വെളിയിൽ നിന്നുള്ളവരുടെ കൂടി പിന്തുണയോടെ സംഘപരിവാർ സംഘടനകൾ നടത്തുന്ന ശ്രമങ്ങൾ വിഫലമാക്കാൻ പോലീസ് സേനക്ക് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) ഏതെങ്കിലും വ്യക്തികളിൽ നിന്നോ സംഘടനയിൽ നിന്നോ ഇത്തരം ശ്രമങ്ങൾ ഉണ്ടാകുന്ന പക്ഷം ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സാമുദായിക സൗഹാർദ്ദ അന്തരീക്ഷം നിലനിർത്തുന്നതിന് വേണ്ട കർശനമായ നിയമ നടപടികൾ നിലവിലുള്ള നിയമ പ്രകാരം സ്വീകരിച്ച് വരുന്നു. |
| (ബി) ന്യൂനപക്ഷങ്ങൾക്ക് കേന്ദ്ര സർക്കാരിൽ വിശ്വാസം നഷ്ടപ്പെട്ടെന്ന് മതമേലദ്ധ്യക്ഷൻമാർ പ്രതികരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | (ബി) രാജ്യത്ത് ന്യൂനപക്ഷങ്ങൾക്കെതിരായുള്ള അക്രമങ്ങൾ ഉണ്ടായ സാഹചര്യത്തിൽ ഇപ്രകാരം പ്രതികരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇഷ്ടമുള്ള ഭക്ഷണം കഴിക്കാനും ഇഷ്ടമുള്ള മതവിശ്വാസം സ്വീകരിക്കാനും പൂർണ സ്വാതന്ത്ര്യം ഉറപ്പാക്കാൻ സാധിച്ചിട്ടുള്ള | (സി) സംസ്ഥാനത്ത് എല്ലാ വിഭാഗം ആളുകൾക്കും പൂർണ്ണ സ്വാതന്ത്ര്യം ഉറപ്പാക്കി ഇഷ്ടമുള്ള മതവിശ്വാസം സ്വീകരിച്ച് ഇഷ്ട ഭക്ഷണം കഴിച്ച് |

സംസ്ഥാനത്ത് ഘർവാപസിയുടെ പേരിലും ലൗജിഹാദിന്റെ പേരിലും വിഭാഗീയത സൃഷ്ടിക്കാൻ ശ്രമിക്കുന്നവരെ അമർച്ച ചെയ്യാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ , അറിയിക്കാമോ?

ജീവിക്കാനുള്ള സാഹചര്യം നിലവിലുണ്ട്. വിഭാഗീയത സൃഷ്ടിച്ച് മത സ്പർദ്ദ വളർത്താനുള്ള ശ്രമങ്ങളെ അമർച്ച ചെയ്യുന്നതിന് നിലവിലുള്ള നിയമ വ്യവസ്ഥകളനുസരിച്ച് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മതങ്ങളുടെയും ജാതികളുടെയും പേരിൽ ഉണ്ടാകുന്ന ക്രിമിനൽവത്കരണത്തിനെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**